**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **12-01-2021 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സ് നടപ്പിലാക്കിയ പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നോർക്ക റൂട്ട്സ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | 1. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.) ഗ്ലോബൽ കോൺടാക്റ്റ് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു. ആയതു പ്രകാരം 15.02.2019 മുതൽ 06.10.2020 വരെ 31 രാജ്യങ്ങളിൽ നിന്നായി 3,08,585-ത്തിലധികം പേർ സേവനം നേടിയിട്ടുണ്ട്. 2. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുക ഗുരുതര രോഗബാധിതരെ നാട്ടിലെത്തിക്കുക, എന്നിങ്ങനെ 700 ഓളം പേർക്ക് നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസ് മുഖാന്തരം സേവനം നൽകിയിട്ടുണ്ട്. 3.പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി പ്രസ്തുത പദ്ധതി പ്രകാരം 110 കേസുകളിൽ മേലുള്ള അപേക്ഷകൾ ലഭിക്കുകയും 100 ഓളം കേസുകൾ ലീഗൽ കൺസൾട്ടന്റ്മാർക്ക് കൈമാറുകയും, 3 പേർക്ക് ജയിൽ മോചനം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. 4. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 95 ലക്ഷം രൂപ 28 സംഘങ്ങൾക്കുള്ള ധനസഹായം ഉൾപ്പെടെയുള്ള ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. 5.നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് ഈ പദ്ധതി പ്രകാരം 175 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 6.ഓൺലൈൻ ഡാറ്റാ ബേയ്സ് പ്രവാസികളുടെയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാ ബേയ്സിന്റെ അഭാവമാണ് പ്രവാസികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി. ഈ വെല്ലുവിളി മറികടക്കുന്നതിനായി നോർക്ക-റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തൽസമയ ഓൺലൈൻ ഡാറ്റാ ബേയ്സ് രൂപീകരിച്ചിട്ടുണ്ട്. 7. നോർക്ക ബിസിനസ് |

ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019-20-ൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. 30 ഓളം സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി. ഇതുവഴി 110 കോടി രൂപയുടെ നിക്ഷേപവും 750ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. 8.എമജൻസി റിപാട്രിയേഷൻ ഫണ്ട് ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. കൂടാതെ അസുഖബാധിതരായ 100 ഓളം പ്രവാസികളെ ടി പദ്ധതി പ്രകാരം നാട്ടിലെത്തിച്ചിട്ടുണ്ട്. 9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് ഗൾഫിൽ ഗാർഹിക ജോലിക്ക് സൗജന്യ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തി. ഇതിനകം 1029-ൽ പരം നേഴ്സുമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻസ്, 447 ഗാർഹിക തൊഴിലാളികൾ തുടങ്ങിയവരെ നോർക്ക റിക്രൂട്ട്മെന്റ് വിഭാഗം മുഖേന റിക്രൂട്ട് ചെയ്തിട്ടുണ്ട്. 10. കോവിഡിനെത്തുടർന്ന് മടങ്ങിയെത്തിവർക്ക് സഹായ പദ്ധതി വിദേശരാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. 11. ലോക കേരള കേന്ദ്രം കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവയെ ഉൾക്കൊള്ളിച്ചു കൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള സ്ഥലത്ത് പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 12. ലോക കേരള സഭ ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോക കേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു. 1. എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ്

| | | | |
|---|---|---|---|
| | | | കമ്പനി 2. എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി 3. പ്രവാസി സഹകരണ സംഘം 4. വനിത എൻ.ആർ.കെ. സെൽ 5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embarkment orientation centres. 6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം 7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം 8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം |
| (ബി) | ഇവയിൽ ഓരോന്നിലും എത്രപേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 1. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.) ഗ്ലോബൽ കോൺടാക്റ്റ് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു. ആയതു പ്രകാരം 15.02.2019 മുതൽ 06.10.2020 വരെ 31 രാജ്യങ്ങളിൽ നിന്നായി 3,08,585-ത്തിലധികം പേർ സേവനം നേടിയിട്ടുണ്ട്. 2. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുക ഗുരുതര രോഗബാധിതരെ നാട്ടിലെത്തിക്കുക, എന്നിങ്ങനെ 700 ഓളം പേർക്ക് നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസ് മുഖാന്തരം സേവനം നൽകിയിട്ടുണ്ട്. 3.പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി പ്രസ്തുത പദ്ധതി പ്രകാരം 110 കേസുകളിൽ മേലുള്ള അപേക്ഷകൾ ലഭിക്കുകയും 100 ഓളം കേസുകൾ ലീഗൽ കൺസൾട്ടന്റ്മാർക്ക് കൈമാറുകയും, 3 പേർക്ക് ജയിൽ മോചനം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. 4. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 95 ലക്ഷം രൂപ 28 സംഘങ്ങൾക്കുള്ള ധനസഹായം ഉൾപ്പെടെയുള്ള ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. 5.നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് ഈ പദ്ധതി പ്രകാരം 175 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 6.ഓൺലൈൻ ഡാറ്റാ ബേയ്സ് പ്രവാസികളുടെയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാ ബേയ്സിന്റെ അഭാവമാണ് പ്രവാസികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി. ഈ വെല്ലുവിളി മറികടക്കുന്നതിനായി നോർക്ക-റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തൽസമയ ഓൺലൈൻ ഡാറ്റാ ബേയ്സ് രൂപീകരിച്ചിട്ടുണ്ട്. 7. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019-20-ൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. 30 ഓളം |

സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി. ഇതുവഴി 110 കോടി രൂപയുടെ നിക്ഷേപവും 750ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. 8.എമർജൻസി റിപാട്രിയേഷൻ ഫണ്ട് ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. കൂടാതെ അസുഖബാധിതരായ 100 ഓളം പ്രവാസികളെ ടി പദ്ധതി പ്രകാരം നാട്ടിലെത്തിച്ചിട്ടുണ്ട്. 9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് ഗൾഫിൽ ഗാർഹിക ജോലിക്ക് സൗജന്യ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തി. ഇതിനകം 1029-ൽ പരം നേഴ്സുമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻസ്, 447 ഗാർഹിക തൊഴിലാളികൾ തുടങ്ങിയവരെ നോർക്ക റിക്രൂട്ട്മെന്റ് വിഭാഗം മുഖേന റിക്രൂട്ട് ചെയ്തിട്ടുണ്ട്. 10. കോവിഡിനെത്തുടർന്ന് മടങ്ങിയെത്തിവർക്ക് സഹായ പദ്ധതി വിദേശരാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. 11. ലോക കേരള കേന്ദ്രം കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവയെ ഉൾക്കൊള്ളിച്ചു കൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള സ്ഥലത്ത് പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 12. ലോക കേരള സഭ ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോക കേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു. 1. എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി 2. എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി 3. പ്രവാസി സഹകരണ സംഘം 4. വനിത എൻ.ആർ.കെ. സെൽ 5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട്

| | | | |
|---|---|---|---|
| | | | ഓഫീസുകളിൽ pre embarkment orientation centres. 6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം 7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം 8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം |
| (സി) | പ്രവാസി മലയാളികളെ അടിയന്തര സാഹചര്യങ്ങളിൽ തിരിച്ചു കൊണ്ടു വരുന്നതിനുള്ള പദ്ധതി നോർക്ക റൂട്ട്സ് ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പ്രവാസികൾക്ക് സഹായം നൽകിയെന്നും ഇതിനായുള്ള പ്രത്യേക നിധിയിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | 2019 മുതൽ നോർക്ക റൂട്ട്സ് ആവിഷ്കരിച്ചു നടപ്പിലാക്കിയ എമജൻസി റിപാട്രിയേഷൻ ഫണ്ട് പദ്ധതിയിലൂടെ 5 പ്രവാസികൾക്കായി 5,87,875/- രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ